'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

26 JUL 2021 THIRUVANANTHAPURAM

ഉന്നത വിദ്യാഭ്യാസ വകുപ്പ് - 2020-21 വർഷത്തെ പി.ഡി. അക്കൗണ്ട് വിനിയോഗ കാലയളവ് 2021 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.942/2021/ഉ.വി.വ. തീയതി, തിരുവനന്തപുരം, 22/07/2021**

---

പരാമർശം :- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14/06/2021 തീയ്യതിയിലെ കെ2/14521/2020 /കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

കോവിഡ്-19 പശ്ചാത്തലത്തിൽ 2021 ഏപ്രിൽ മുതലുള്ള കാലയളവിൽ ലോക്ഡൗൺ പ്രാബല്യത്തിലായിരുന്നതിനാൽ 2020-21 സാമ്പത്തിക വർഷത്തെ പി.ഡി. അക്കൗണ്ട് ഫണ്ട് മെയ് 31നു മുൻപായി ഉപയോഗത്തിനും വിനിയോഗത്തിനും ആവശ്യമായ ദർഘാസ്, ടെൻഡർ പർച്ചേസ് എന്നീ നടപടിക്രമങ്ങൾ പാലിക്കാൻ കഴിഞ്ഞിട്ടില്ലയെന്നും അതിനാൽ പി.ഡി. അക്കൗണ്ട് വിനിയോഗ കാലയളവ് നീട്ടി നൽകണമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 2020-21 വർഷത്തെ പി.ഡി. അക്കൗണ്ട് വിനിയോഗ കാലയളവ് 2021 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ദീപക് പോൾ**

**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് (എഫ് 2/93/2021/ഉ.വി.വ ഫയൽ)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**മേലെഴുത്ത് നമ്പർ കെ 2/14521/2020/കോ.വി.വ, തീയതി.29.07.2021**

സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ സർക്കാർ/എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരുടെയും അറിവിലേക്കായി നൽകുന്നു.

ബിന്ദു.സി.എം

സീനിയർ ഫിനാൻസ് ഓഫീസർ